## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :7996 | 16.07.2014 ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായ മേഖലയിലെ പ്രതിസന്ധിമൂലം ദുരിതമനുഭവിക്കുന്നവരുടെ പുനരധിവാസം

**ചോദ്യം**

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
ശ്രീ.കെ.വി.അബ്ദുൾഖാദർ
ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീമതി.പി.അയിഷാപോറ്റി

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

(എ) പരമ്പരാഗത വ്യവസായമേഖലയിലെ പ്രതിസന്ധി കാരണം ദുരിതമനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കാമോ;

(എ) പ്രതിസന്ധി നേരിടുന്ന പരമ്പരാഗത വ്യവസായങ്ങളെയും പ്രസ്തുത മേഖലയിലെ തൊഴിലാളികളേയും പുനരുദ്ധരിക്കുന്നതിനും സംരക്ഷിക്കുന്നതിനും സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായമായ കൈത്തറിവ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച റിവൈവൽ , റിഫോംസ് ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം അപ്പക്സ് സൊസൈറ്റി, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, വ്യക്തിഗത നെയ്ത്തുകാർ എന്നിവർക്ക് ആനുകൂല്യങ്ങൾ നൽകുന്നു. ഈ മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സർപ്പോർട്ട് സ്കീമും കൈത്തറി നെയ്ത്തുകാരുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി വരുന്നു. വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഊന്നൽ നൽകിവരുന്നു. അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും സബ്സിഡികൾ നൽകിവരുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായമായ വിലക്ക് യഥാസമയം ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ പ്രവർത്തിപ്പിക്കുകയും ചെയ്തുവരുന്നു.

കശുവണ്ടി മേഖലയിൽ തോട്ടണ്ടിയുടെ കൂടുതൽ ലഭ്യതയ്ക്ക് വേണ്ടി കശുമാവ് കൃഷി വ്യാപിപ്പിക്കുകയും കൂടുതൽ പ്രവർത്തന മൂലധനം അനുവദിക്കുകയും ചെയ്തുവരുന്നു. തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും

തന്മൂലം തൊഴിലാളികൾക്ക് വർഷം മുഴുവൻ മികച്ച വേതനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കുന്നതിനായി ഭാഗീകമായ യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷന്റെയും സഹകരണ സ്ഥാപനമായ കാപെക്സിന്റെയും നവീകരണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകി വരുന്നു.

പരമ്പരാഗത വ്യവസായമായ കയർമേഖലയിൽ ഇൻസെന്റീവ് വർദ്ധിപ്പിച്ചുകൊണ്ട് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. കയർസഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനമുൾപ്പെടെയുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട്. കയർപിരി, ഡീഫൈബറിങ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായ മേഖലയിലെ പ്രതിസന്ധി കാരണം പ്രവർത്തനം നിലച്ചു പോയ സഹകരണ സംഘങ്ങൾക്കും സ്ഥാപനങ്ങൾക്കും പുനരുദ്ധാരണത്തിന് ധനസഹായം നൽകി വരുന്നു. സംസ്ഥാന സർക്കാർ പദ്ധതിയായ എന്റെ ഗ്രാമം പദ്ധതി വഴിയും കേന്ദ്ര സർക്കാരിന്റെ പി.എം.ഇ.ജി.പി വഴിയും പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെടാൻ സാമ്പത്തിക സഹായം നൽകി വരുന്നു. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡു വഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഖാദിമേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിച്ച

| | | |
|---|---|---|
| | | ശ്രീ.ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഖാദിമേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഖാദി ഗ്രാമ വ്യവസായ കമ്മിഷന്റെ സഹായത്തോടുകൂടി ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>കര കൗശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകി വരുന്നു. കര കൗശലമേഖലയിലെ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കര കൗശല ഉൽപ്പന്നങ്ങൾ കേരള കര കൗശല വികസന കോർപറേഷൻ ന്യായവില നൽകി ശേഖരിച്ച് വിപണനം നടത്തിവരുന്നു. കര കൗശല തൊഴിലാളികൾക്ക് കുടിശ്ശിക തീർക്കുന്നതിനു വേണ്ടിയുള്ള സാമ്പത്തിക സഹായവും തൊഴിലാളി കൾക്ക് സ്കിൽ അപ്ഗ്രഡേഷൻ വഴി കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്പമെന്റ് കോർപറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്നു. ബാംബൂ കോർപറേഷന്റെ കീഴിലുള്ള ഈറ്റ-പനമ്പ്-നെയ്ത്തു തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ പുനരധിവസിപ്പിക്കപ്പെടേണ്ടതായ എത്ര പേരുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (ബി) പരമ്പരാഗത വ്യവസായമേഖലയിൽ പുനരധിവസിപ്പിക്കപ്പെടേണ്ടവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. |
| (സി) | പ്രതിസന്ധിയിൽപ്പെട്ട പരമ്പരാഗത വ്യവസായ മേഖലയെ ആധുനിക വൽക്കരണത്തിലൂടെ പുനരുദ്ധരിക്കാനുള്ള സാദ്ധ്യതയെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) പരമ്പരാഗത കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി പഠനം നടത്തുവാൻ സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കൈത്തറി മേഖലയിലെ ഹാന്റെക്സ്, പ്രൈമറി കൈത്തറി സംഘങ്ങൾ എന്നിവയുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു കൈത്തറി മേഖലക്കായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് അനുസൃതമായ ധനസഹായം |

അർഹതയുള്ള സംഘങ്ങൾക്ക് നൽകിവരു ന്നു. അസംസ്കൃത വസ്തുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി യാൺബാങ്കുകൾ സ്ഥാപിക്കുകയും അവയുടെ വിലയിലുള്ള വ്യതിയാനം പിടിച്ചു നിർത്തുന്നതിന് കഴിഞ്ഞാൽ സബ്സിഡി നൽകിവരുന്നുണ്ട്. ഉൽപന്ന വൈവിധ്യവൽക്കരണത്തിനും കലാമേന്മ വർദ്ധിപ്പിക്കുന്നതിനും പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. ഡോബി, ജെക്കാർഡ് തുടങ്ങിയ സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം നൽകിവരുന്നു.

ഖാദിമേഖലയുടെ ആധുനികവത്കരണം സംബന്ധിച്ച് പഠനം നടത്തുവാൻ ശ്രീ.ഗോപിനാഥൻ നായർ കമ്മിറ്റിയെ നിയോഗിച്ചിരുന്നതും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരി ച്ചിട്ടുള്ളതുമാണ്.

പരമ്പരാഗത കയർ വ്യവസായം നേരിടുന്ന പ്രശ്നങ്ങളേയും പ്രതിസന്ധികളേയും പറ്റി സമഗ്രമായ പഠനം നടത്തുന്നതിനായി ശ്രീ.ആനത്തലവട്ടം ആനന്ദൻ ചെയർമാനായി ഒരു കമ്മീഷനെ നിയോഗിച്ചിരുന്നു. കയർമേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പാക്കി ആധുനികവത്കരിക്കുന്നതിനടക്കമുള്ള നിർദ്ദേശങ്ങൾ കമ്മീഷൻ നൽകിയിരുന്നു. പ്രസ്തുത ശുപാർശയടക്കം മിക്ക നിർദ്ദേശങ്ങളും കയർമേഖലയിൽ നടപ്പാക്കിയിട്ടുണ്ട്.

Ananden

സെക്ഷൻ ഓഫീസർ